(ബി) മേൽപ്പറഞ്ഞ കാലയളവിൽ ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും സ്ഥാപനത്തിന്റെ നടത്തിപ്പ് ചെലവിനുമായി ആകെ എത്ര തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) നിർമ്മിതി കേന്ദ്രത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും വേണ്ടി ഗവൺമെന്റിന്റെ നിർമ്മാണ ജോലികളിൽ ഒരു നിശ്ചിത ശതമാനം ജോലികൾ ഈ സ്ഥാപനത്തിന് നല്കണമെന്ന നിബന്ധനയോടുകൂടി ഉത്തരവിറക്കാൻ സർക്കാർ അടിയന്തരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിലെ ആകെ വരവ്-ചെലവ് കണക്കുകളുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു :

വർഷം	വരവ് (ലക്ഷത്തിൽ)	ചെലവ് (ലക്ഷത്തിൽ)
2006-2007	65.94	64.74
2007-2008	190.29	95.86
2008-2009	160.73	132.00
2009-2010	255.22	231.40

(ബി)

വർഷം	ശമ്പളം (ലക്ഷത്തിൽ)	നടത്തിപ്പ് ചെലവ് (ലക്ഷത്തിൽ)
2006-2007	52.91	11.83
2007-2008	72.89	22.97
2008-2009	78.96	33.04
2009-2010	185.00	46.40

(സി) നിലവിൽ ഇത്തരം നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

വായ്പ ഇളവു ചെയ്തു കിട്ടുന്നതിന് നടപടി

148 (4501) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2007-ലും 2010 ജനുവരി 1-നും 2010 ജൂൺ 1-നും ഇടയ്ക്ക് ഭവന വായ്പ തിരിച്ചടവിൽ വീഴ്ച വന്നതിനാൽ എത്ര പേരാണ് ഹൗസിംഗ് ബോർഡിനെതിരെ വായ്പ ഇളവു ചെയ്തു കിട്ടുവാൻ കേസ് കൊടുത്തിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്രപേരുടെ കേസ്സുകൾ കോടതി തീർപ്പാക്കി ; തീർപ്പാക്കിയവ ലോവർ ഇൻകം, മിഡിൽ ഇൻകം, ഹയർ ഇൻകം എന്നീ വിഭാഗങ്ങളിൽ വേർതിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇത്തരം കേസ്സുകൾ വഴി ഇളവ് നൽകിയെങ്കിൽ കേസ്സുകൾ ഒഴിവാക്കി ഇളവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 2007-ൽ 76 പേരും 2010 ജനുവരി 1-നും 2010 ജൂൺ 1-നും ഇടയ്ക്ക് 38 പേരുമാണ് ഹൗസിംഗ് ബോർഡിനെതിരെ വായ്പ കുടിശ്ശിക ഇളവു ചെയ്തു കിട്ടുവാൻ കേസ് കൊടുത്തിട്ടുള്ളത്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) നിലവിൽ നിർദ്ദേശങ്ങളൊന്നും പരിഗണനയിൽ ഇല്ല.

ഇടുക്കി നിയോജക മണ്ഡലത്തിൽ ഭവനനിർമ്മാണ വകുപ്പിന്റെ കീഴിലുള്ള ഭൂമി

149 (4502) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി നിയോജകമണ്ഡലത്തിൽ ഭവന നിർമ്മാണ വകുപ്പിന്റെ ഉടമസ്ഥതയിൽ എത്ര വിസ്തൃതി ഭൂമിയുണ്ട് ; ഇത് ഏതെല്ലാം പഞ്ചായത്തുകളിലാണുള്ളത് ; ഇതിന്റെ സർവ്വേ നമ്പർ എത്രയാണ് ;

(ബി) പ്രസ്തുത ഭൂമി അതിര് തിരിച്ച് സംരക്ഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഭൂമി ഭവനനിർമ്മാണ വകുപ്പിന്റെ ഉടമസ്ഥതയിൽ വന്നത് എന്നാണ് ;

(ഡി) വികസന പ്രവർത്തനങ്ങൾ ഒന്നുമില്ലാതെ വർഷങ്ങളായി വെറുതെ ഇട്ടിരിക്കുന്ന പ്രസ്തുത ഭൂമി പ്രയോജനപ്പെടുത്തി ഇക്കോഫ്രണ്ടിലിയായ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇടുക്കി നിയോജക മണ്ഡലത്തിൽ വാഴത്തോപ്പ് പഞ്ചായത്തിൽ സർവ്വേ നമ്പർ 161/1-ൽ 3.26 ഏക്കർ ഭൂമിയും (വാഴത്തോപ്പ് പബ്ലിക്ക് ഹൗസിംഗ് സ്കീം) കട്ടപ്പന പഞ്ചായത്തിൽ 36/3, 39/4, 39/7, 39/8, 39/9, 40/1, 48, 39/6, 40/16, 40/17 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 4.61 ഏക്കർ ഭൂമിയും (കട്ടപ്പന ഹൗസിംഗ് സ്കീം സൈറ്റ് 2 സ്റ്റേജ് II) ഭവനനിർമ്മാണ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly